***Article in Malayalam***

**GP Ramachandran**

# SPORTS AND INDIAN CINEMA
# രാഷ്ട്രത്തിന്റെയും ആഹ്ലാദത്തിന്റെയും പിളർപ്പുകൾ
**ജി പി രാമചന്ദ്രൻ**

നൂറു വർഷം പൂർത്തിയാക്കിയ ഇന്ത്യൻ സിനിമയുടെ സാംസ്ക്കാരിക വിനിമയ രീതികളും വാണിജ്യ സൂത്രങ്ങളും, ഇന്ത്യൻ രാഷ്ട്രനിർമാണം/വിഘടനം എന്ന ആശയ- പ്രയോഗവൈരുദ്ധ്യങ്ങളോട് എങ്ങനെയാണ് ചേർന്നു നിൽക്കുന്നത് എന്ന ആലോചന പല കാരണങ്ങളാൽ അനിവാര്യമായിരിക്കുന്നു. ഭൂപ്രദേശ യാഥാർത്ഥ്യവും ചരിത്ര/വർത്തമാന പരികൽപനകളും പൗരത്വ സങ്കൽപനങ്ങളും ചേർന്ന് രൂപീകരിക്കുന്ന ഇന്ത്യ എന്ന ഭാവനയെ ഇന്ത്യൻ സിനിമ എന്നു സാമാന്യേന വിളിക്കപ്പെടുന്ന സൗന്ദര്യ വ്യവഹാരവും വാണിജ്യ വ്യവസായവും എപ്രകാരമാണ് പ്രതിനിധാനം ചെയ്യുന്നത് എന്നും ഇതേ ഇന്ത്യൻ സിനിമയിൽ, രാഷ്ട്രവും സംസ്ക്കാരവും ദേശീയ-പ്രാദേശികതകളും പൗരത്വവും ലിംഗ-വംശ-വർഗ-മത-ജാതി-ഭാഷാ വൈവിധ്യങ്ങളും അവയുടെ ഉദ്ഗ്രഥനവും എപ്രകാരമാണ് അടയാളപ്പെടുത്തപ്പെടുന്നത് എന്നുമുള്ള ചോദ്യങ്ങൾ ഇതു സംബന്ധമായി ഉയർന്നു വരുന്നുണ്ട്. ഇന്ത്യൻ സിനിമയെന്ന പേരിൽ, രാജ്യത്തിനകത്തും പുറത്തും പരിചയപ്പെടുത്തപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്യുന്ന ബോളിവുഡ് സിനിമയിലെ നോട്ടത്തിന്റെയും താദാത്മ്യവത്ക്കരണ(ഐഡന്റിഫിക്കേഷൻ)ത്തിന്റെയും സ്ത്രീ ശരീര പ്രദർശനത്തിന്റെയും നടീനടന്മാരുടെ പ്രകട വംശീയതയുടെയും ചില സങ്കീർണതകൾ രാഷ്ട്രത്തെയെന്നതു പോലെ രാഷ്ട്രത്തെ ഏകോപിപ്പിക്കുന്ന ആഹ്ലാദത്തെയും നിർണയിക്കുകയും അതേ സമയം പിളർത്തുകയും ചെയ്യുന്നുണ്ട്. നായികയുടെ തൊലിനിറവും മുഖ/ശരീരപ്രകൃതിയെക്കുറിച്ചുള്ള വാർപ്പു മാതൃകകളും അതിലെ ഉൾപ്പെടുത്തലുകളും ഒഴിവാക്കലുകളും എന്നിങ്ങനെ ബോളിവുഡ് തുടർന്നു വരുന്ന ശീലങ്ങളെ അപനിർമ്മിക്കുമ്പോൾ തെളിഞ്ഞു വരുന്നതും മേൽക്കൈ നേടുന്നതും പുരുഷന്റെയും ഉത്തരേന്ത്യൻ ഹിന്ദു ദേശീയതയുടെയും അധികാര ബലതന്ത്രങ്ങളാണെന്നതാണ് വാസ്തവം. ബോളിവുഡ് കൂടി ചേർന്ന് സൃഷ്ടിച്ചെടുത്ത ഉത്തരേന്ത്യൻ ഹിന്ദു പുരുഷൻ എന്ന ഈ പ്രതിനിധാനത്തെ ചോദ്യമുനയിൽ നിർത്തിയതു കൊണ്ടാണ്, സാക്ഷി മാലിക്ക് അടക്കമുള്ള ഗുസ്തി താരങ്ങളുടെ സമരത്തെ നിർഭയ സമരത്തിൽ ഉരുവം കൊണ്ടതു പോലുള്ള സിവിൽ സമൂഹ-ആൾക്കൂട്ടം പിന്തുണക്കാത്തത്.

സ്പോർട്സ് പ്രമേയമായി വരുന്ന സിനിമകൾ ബോളിവുഡിലും മറ്റിന്ത്യൻ ഭാഷാ സിനിമകളിലും ധാരാളമായി ഇറങ്ങുന്നുണ്ട്. ഇവയിലധികവും ബയോ പിക് എന്നു വിളിക്കാവുന്ന പ്രമുഖ സ്പോർട്സ് താരങ്ങളെക്കുറിച്ചുള്ള ജീവചരിത്രാഖ്യായികകളാണ്. പാൻസിംഗ് തോമർ, എം എസ് ധോണി, മിൽക്കാ സിംഗ്, മേരി കോം എന്നിവരെക്കുറിച്ചുള്ള സിനിമകളെല്ലാം വൻ ഹിറ്റുകളായി മാറി. നാടകീയതകളും വാണിജ്യ താല്പര്യങ്ങളും രാജ്യസ്നേഹപ്രകടനങ്ങളും കൂട്ടിക്കുഴച്ച രീതിയാണ് ഇത്തരം സിനിമകളിൽ പൊതുവേ പിന്തുടരുന്നത്.

കല്പിതകഥ ഇതിവൃത്തമായി സ്വീകരിച്ച് അശുതോഷ് മുഖർജി സംവിധാനം ചെയ്ത

ലഗാൻ(2001), ഇന്ത്യക്കാരുടെ ഇഷ്ടവിനോദമായ ക്രിക്കറ്റിനെയും രാജ്യസ്നേഹത്തെയും സമർത്ഥമായി കൂട്ടിയിണക്കിയ സിനിമയാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ, ഉത്തരേന്ത്യയിലെ ചമ്പാനീർ എന്ന ഗ്രാമത്തിൽ നടന്നതായി സങ്കൽപിക്കപ്പെടുന്ന കഥയാണ് ഇതിവൃത്തം. ബജ്റ കൃഷി ചെയ്തു ജീവിക്കുന്ന കൃഷീവലന്മാരായ ഗ്രാമീണരെ ഭരിക്കുന്നത്, ആനപ്പുറത്തെഴുന്നള്ളുന്ന നാട്ടുരാജാവും അയാളെ നിയന്ത്രിക്കുന്ന ഈസ്റ്റിന്ത്യാകമ്പനിയുടെ വെളുത്ത തമ്പ്രാക്കളും ചേർന്നാണ്. മൂന്നു വർഷം മഴ ചതിച്ചതിനെ തുടർന്ന് കടും ദുരിതത്തിലായ ഗ്രാമീണർ സർക്കാരിലേക്കൊടുക്കാനുള്ള പാട്ടക്കരം (ലഗാൻ) ഒഴിവാക്കിത്തരണമെന്ന അഭ്യർത്ഥനയുമായി അധികാരികളെ സമീപിക്കുന്നു. ഉദാരമതിയായ നാട്ടുരാജാവിന് കരമൊഴിവാക്കി പ്രജകളെ സഹായിക്കണമെന്നുണ്ടെങ്കിലും ക്രൂരനും പരപീഡകനുമായ ക്യാപ്റ്റൻ റസൽ അത് അനുവദിക്കുന്നില്ല. കരമൊഴിവാക്കാനായി റസൽ വെയ്ക്കുന്ന നിർദ്ദേശം കുറെക്കൂടി സങ്കീർണവും പ്രായേണ അസാധ്യവുമായ ഒന്നാണ്. അക്കാലത്തെ ബ്രിട്ടീഷുകാരുടെ ഇഷ്ടവിനോദമായ ക്രിക്കറ്റിൽ ഏറ്റുമുട്ടി തങ്ങളെ തോൽപ്പിക്കാമെങ്കിൽ കഴിഞ്ഞു പോയ മൂന്നു മാത്രമല്ല, അടുത്ത മൂന്നു വർഷം കൂടി കരമൊഴിവാക്കിത്തരാം. ഇല്ലെങ്കിലോ, മുൻകാല പ്രാബല്യത്തോടെ എല്ലാം പിടിച്ചെടുക്കുകയും ചെയ്യും. കരുത്തനും കൂർമബുദ്ധിയുള്ളവനും സായിപ്പുമാരുടെ മൃഗയാ വിനോദത്തെ തടസ്സപ്പെടുത്തിയവനും ക്രിക്കറ്റിനെക്കുറിച്ച് പുഛത്തോടെ അഭിപ്രായം പറഞ്ഞവനും - ഇത് നമ്മുടെ കുട്ടീം കോലും കളി തന്നല്ലേ - ആയ ഭുവൻ (അമീർ ഖാൻ) എന്ന ചെറുപ്പക്കാരനെ ചൂണ്ടിയാണ് റസൽ ഈ നിർദ്ദേശം വെയ്ക്കുന്നത്. അംഗീകരിക്കുന്നോ ഇല്ലയോ? ഗ്രാമീണ നിവേദക സംഘത്തിലെ മറ്റംഗങ്ങളെല്ലാം ഒറ്റക്കെട്ടായി പിന്തിരിപ്പിക്കാൻ ശ്രമിച്ചിട്ടും വക വെക്കാതെ ഭുവൻ ഈ വെല്ലുവിളി ഏറ്റെടുക്കുന്നു. മൂന്നു മാസം പരിശീലനത്തിനുള്ള സമയം ലഭിക്കുന്നുണ്ടെങ്കിലും ഔദ്യോഗിക പരിശീലകനോ മറ്റു സഹായങ്ങളോ ലഭ്യമല്ല. റസലിന്റെ സഹോദരി എലിസബത്തിന് ഈ നടപടികൾ കണ്ട് മനസ്സലിയുകയും അവൾ രഹസ്യമായി ഭുവനെ സന്ധിച്ച് ക്രിക്കറ്റ് പരിശീലിപ്പിക്കുകയുമാണ്.

ബ്രിട്ടീഷുകാരന്റെ ഔദ്യോഗികവും ഉദാരവുമായ ചരിത്ര സമീപനത്തോട് ആദ്യമായി ഈ കെട്ടുകഥ രാജിയാവുന്നത് ഈ കഥാപരിണാമത്തിലൂടെയാണ്.ക്രൂരമനസ്കരും അധികാര മദം പിടിച്ചവരുമായ ബ്രിട്ടീഷുകാരുടെ ചെയ്തികളെ നിർവീര്യമാക്കുന്നതിനു വേണ്ടി യഥാർത്ഥ ചരിത്രമെന്നവകാശപ്പെടുന്ന സിനിമകളിലെന്നതു പോലെ (ഗാന്ധി/റിച്ചാർഡ് അറ്റൻബറോ, കാലാപാനി/പ്രിയദർശൻ, 1921/ഐ വി ശശി) കെട്ടുകഥകളായ ലഗാനിലും സമാന സിനിമകളിലും ഇത്തരം ഉദാരമതികളും മാനവികവാദികളുമായ സായിപ്പന്മാരുടെയും മദാമ്മമാരുടെയും കഥാപാത്രങ്ങളെ മഹത്വവത്ക്കരിച്ച് അവതരിപ്പിക്കുന്നത് പതിവാണ്. ഈ സമാന്തര പ്രകടനത്തിലൂടെ ഇന്ത്യക്കാരുടെ മനസ്സിന്റെ അടിത്തട്ടിലുറച്ചു പോയ കൊളോണിയൽ ദാസ്യമനോഭാവം സംതൃപ്തിയടയുകയും ചെയ്യുന്നു. യുക്തിപരമായി ഇത്തരമൊരു ട്വിസ്റ്റില്ലാതെ തന്നെ കഥയ്ക്ക് മുന്നോട്ടു പോകാനാവുമെന്നതാണ് രസകരം. ക്രിക്കറ്റ് പരിശീലനം പുരോഗമിക്കുന്നതിനിടയിൽ, ദേവ എന്ന സിഖു വംശജൻ അയൽ ഗ്രാമങ്ങളിലൊന്നിൽ നിന്ന് കടന്നു വന്ന്; 'യുദ്ധമെങ്കിൽ യുദ്ധം, കളിയെങ്കിൽ കളി, സായിപ്പിനെ തോൽപ്പിച്ചേ അടങ്ങൂ!' എന്ന ആഹ്വാനത്തോടെ സംഘത്തിൽ ചേരുന്നുണ്ടല്ലോ. ഇയാൾക്ക് ക്രിക്കറ്റ് കളി നേരത്തെ അറിയാം. അയാളോടൊത്തു ചേർന്ന് തനതായ പ്രതിരോധ മാർഗം കെട്ടിപ്പടുക്കുന്ന തദ്ദേശ വാസികളുടെ

ചെറുത്തു നില്പ് ആവിഷ്ക്കരിച്ചാൽ ബ്രിട്ടീഷുകാരെ കുറ്റപ്പെടുത്തുന്നതോടൊപ്പം ന്യായീകരിച്ചെടുക്കുകയും ചെയ്യുക എന്ന ദ്വിമുഖ തന്ത്രം പ്രാവർത്തികമാകില്ലല്ലോ. ക്രിക്കറ്റു മാത്രമല്ല ഇംഗ്ലീഷ് ഭാഷയും നാം ബ്രിട്ടീഷുകാരിൽ നിന്ന് പഠിച്ചതു തന്നെയാണ്. അല്ലാതെ സ്വയംഭൂ അല്ല എന്നത് നിഷേധിക്കാനാവില്ല. ഇംഗ്ലീഷ് ഭാഷാപരിചയത്തിലൂടെ ലോകത്തെ ആധുനിക നവോത്ഥാന- പുരോഗമന ജനാധിപത്യ ചിന്താഗതികൾ ഇന്ത്യയിലേക്ക് കടന്നു വന്നു എന്നതും ഈ വ്യാപനം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് ഊർജ്ജം പകർന്നു എന്നതും ചരിത്ര സത്യമാണ്. എന്നാൽ ഈ വിജ്ഞാന ലബ്ധിയെ ഇംഗ്ലീഷുകാരന്റെ ഉദാരമനസ്കതയായി കൊട്ടിഘോഷിക്കുന്നതിൽ കഴമ്പില്ല. ഇന്ത്യക്കാരുടെ അന്വേഷണബുദ്ധിയും സ്വാതന്ത്ര്യബോധവും ആത്മാഭിമാന വാഞ്ഛയും തന്നെയാണ് സാമ്രാജ്യത്വ വിരുദ്ധ സമരത്തിന്റെ ഉൾപ്രേരണകൾ. അടിസ്ഥാനപരമായ ഈ പ്രേരണയുടെ സഹായഘടകങ്ങൾ മാത്രമാണ് വിദേശത്തു നിന്ന് കടന്നു വന്ന പുതിയ ആശയഗതികളും പിന്തുണകളും എല്ലാം. അത്തരം പിന്തുണയുടെ പ്രത്യക്ഷപ്രദർശനം കൊണ്ട് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ജനാധിപത്യവിരുദ്ധ നടപടികളെ ലഘൂകരിക്കാനുള്ള പിൽക്കാലതന്ത്രത്തിന്റെ ആവർത്തനങ്ങളാണ് ലഗാനിലെ കെട്ടിച്ചമയ്ക്കലുകൾ.

ഭുവന്റെ നേതൃത്വത്തിൽ പതിനൊന്നംഗ ദേശി ക്രിക്കറ്റ് ടീം രൂപവത്ക്കരിക്കുന്നതും അവരുടെ കഠിന പരിശീലന-പ്രയത്നങ്ങളിലൂടെ ബ്രിട്ടീഷുകാരെ തോല്പിക്കുന്നതിന്റെ വിശദ ചിത്രീകരണവുമാണ് ചലച്ചിത്രത്തിന്റെ രണ്ടാം പകുതിയിലുള്ളത്. ഈ ക്രിക്കറ്റ് സംഘ രൂപവൽക്കരണത്തിന്റെയും അവരുടെ ചെറുത്തു നില്പിന്റെയും ബിംബകൽപ്പനകളിൽ സ്വാതന്ത്ര്യലബ്ധിയുടെ കാലഘട്ടത്തിൽ ഇന്ത്യനവബോധത്തെ സ്വാധീനിച്ചിരുന്ന പ്രധാനപ്പെട്ട ജനപ്രിയ ഘടകങ്ങളൊക്കെ ഉൾപ്പെടുത്തുന്നുണ്ട്. മതമൈത്രി, അയിത്തോച്ചാടനം, കഠിനാധ്വാനം, ത്യാഗസഹനം എന്നിങ്ങനെ ഭാവിയെ പ്രകാശപൂർണവും സമാധാന സന്തുലനവുമാക്കി മാറ്റുന്നതിനുള്ള ആഹ്വാനങ്ങളായി ഈ ഒരുമ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നു. ഇസ്മായിൽ എന്ന കളിമൺ പാത്ര നിർമ്മാണക്കാരനായ മുസ്ലിം വംശജൻ; ദേവ എന്ന അയൽഗ്രാമക്കാരനായ സിഖു വംശജൻ; കച്ച്റ എന്ന തൂപ്പുവേലക്കാരനായ ദളിതൻ എന്നിവരൊക്കെ ഒന്നിച്ചു ചേരുന്ന കളിസംഘത്തിൽ ആധുനിക ഇന്ത്യൻ ക്രിക്കറ്റിന്റെ ശാപമായി മാറിയ ഒരു ഒത്തുകളിക്കാരനും നുഴഞ്ഞു കയറുന്നുണ്ട്.

ഇന്ത്യയിലെ ക്രിക്കറ്റിന്റെ ജനപ്രിയതയും വിശാലമായ അംഗീകാരവും കണക്കിലെടുത്തുകൊണ്ടുള്ള ഈ കഥാപരിചരണം കൗതുകകരമായിട്ടുണ്ട്. നാസികൾക്കെതിരെ യുദ്ധത്തടവുകാർ ഫുട്ബോൾ കളിച്ച് ജയിക്കുന്ന എസ്കേപ്പ് ടു വിക്ടറി (പെലെ അഭിനയിക്കുന്ന സിനിമയാണിത്) യിൽ നിന്ന് ആശയചോരണം നടത്തിയാണീ കഥാഭാഗം എന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. എസ്കേപ്പ് ടു വിക്ടറി തന്നെ സോൾത്താൻ ഫാബ്രിയുടെ ടു ഹാഫ് ടൈംസ് ഇൻ ഹെൽന്റെ പകർപ്പാണെന്നത് മറ്റൊരു കാര്യം.

സൊൽത്താൻ ഫാബ്രിയുടെ "നരകത്തിൽ രണ്ടു ഹാഫ്ടൈമുകൾ" (ഹങ്കറി/1962/കറുപ്പും വെളുപ്പും/140 മിനുറ്റ്) എന്ന ചിത്രത്തിൽ, ഫുട്ബാളും സ്വാതന്ത്ര്യ വാഞ്ഛയും ഫാസിസവും തമ്മിലുള്ള സംഘർഷങ്ങളുടെ ത്രസിപ്പിക്കുന്ന ഒരാഖ്യാനമാണുള്ളത്. 1944 ലെ വസന്തകാലം. ജർമൻ പട്ടാളത്തിന്റെ കീഴിൽ നിർബന്ധിത ജോലിക്കായി ഹങ്കറിയുടെ കിഴക്കൻ

പ്രവിശ്യയിലെ ബാരക്കുകളിൽ കുത്തിനിറക്കപ്പെട്ടിരിക്കുന്ന പട്ടിണിത്തടവുകാർക്ക് ബാക്കിയായത് അതിജീവനത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും ആത്മാഭിമാനത്തെക്കുറിച്ചും സ്വസ്ഥമായ കൂടുംബജീവിതത്തെക്കുറിച്ചും ഒക്കെയുള്ള നിറം മങ്ങിയ സ്വപ്നങ്ങൾ മാത്രം.

ഒരു ദിവസം പൊടുന്നനെ, മുൻ ദേശീയ ഫുട്ബാൾ ടീമംഗമായിരുന്ന ഡിയോ എന്ന തടവുകാരനെ കമാണ്ടർ പ്രത്യേകമായി വിളിപ്പിക്കുന്നു. ഡിയോവിന് പരോളോ അതല്ലെങ്കിൽ വിടുതലോ തന്നെ ലഭിച്ചേക്കും എന്ന തോന്നലാണ് സഹതടവുകാർക്കിടയിലുണ്ടാവുന്നത്. തന്റെ കുടുംബാംഗങ്ങൾക്ക് എത്തിക്കാനുള്ള സന്ദേശങ്ങൾ തയ്യാറാക്കാൻ അവർ പരക്കം പായുന്നു. എന്നാൽ പണി തടസ്സപ്പെടുത്തുന്ന അത്തരം അൽപാഹ്ലാദങ്ങൾ പെട്ടെന്ന് തന്നെ അടിച്ചമർത്തപ്പെടുന്നു. എല്ലാവരും അവരവരുടെ ജോലികളിൽ വ്യാപൃതരാവുക എന്ന് കഠിനമായ ഉത്തരവ് പ്രഖ്യാപിക്കപ്പെടുന്നു.

സൈനികാധിപനായ ഫർഹറിന്റെ ജന്മദിനാഘോഷത്തിന്റെ ഭാഗമായി എന്തെങ്കിലും വിനോദവിരുന്ന് ഒരുക്കണമെന്നും അതിനായി പട്ടാളനാടക സംഘത്തിന് എത്താൻ സാധിക്കാത്തതുകൊണ്ട് ജർമൻ പട്ടാളക്കാരുടെ സർവീസസ് ടീമും തടവുകാരുടെ ഒരു ടീമും തമ്മിലുള്ള ഫുട്ബാൾ മത്സരം സംഘടിപ്പിക്കാനാണ് തീരുമാനം എന്നും ഡിയോവിനെ അറിയിക്കുന്നു. പ്രൊഫഷണൽ കളിക്കാരനായ ഡിയോ വേണം തടവുകാരുടെ ടീമിനെ ഉണ്ടാക്കിയെടുക്കാനും നയിക്കാനും. ഡിയോവിന് ഈ അവസരം തന്റെ സ്വാതന്ത്ര്യത്തിനായി തുറന്നുകിട്ടുന്ന ഒരു വാതിലായി ഒരിട അനുഭവപ്പെടുന്നു. പക്ഷെ, തരം താണതും അളവിൽ വളരെ കുറഞ്ഞതുമായ ഭക്ഷണം മാത്രം അകത്താക്കുന്നതു കൊണ്ട് അസ്ഥികൂടങ്ങളായി പരിണമിച്ചുകഴിഞ്ഞ ജീവച്ഛവങ്ങളെക്കൊണ്ട് ഫുട്ബോളൊന്നും കളിപ്പിക്കാനാവില്ലെന്ന് ഡിയോ മറുപടി പറയുന്നു. ഇത്തരം അനുസരണക്കേടുകൾ തടവറക്യാമ്പുകളിൽ ഉയർത്താൻ പാടില്ലെന്നിരിക്കെ ഡിയോവിന്റെ ആവലാതികൾ ആദ്യം ബധിരകർണങ്ങളിലാണ് പതിച്ചത്. എന്നാൽ കാര്യം നടക്കണമെങ്കിൽ ഡിയോവിന്റെ ആവശ്യങ്ങൾ പരിഗണിച്ചേ മതിയാകൂ എന്നാകുമ്പോൾ അയാളുന്നയിച്ച രണ്ടാവശ്യങ്ങളും അംഗീകരിക്കപ്പെടുന്നു. കളിക്കാരായി തിരഞ്ഞെടുക്കപ്പെടുന്നവർ ദൈനംദിനജോലികൾ എടുക്കേണ്ട ആവശ്യമില്ല. അതിനു പുറമെ അവർക്കാവശ്യമുള്ള വിധത്തിൽ ഭക്ഷണ റേഷൻ വർദ്ധിപ്പിക്കുകയും ചെയ്യും. ഇനിയെന്താണ് വേണ്ടത് എന്ന ചോദ്യത്തിന് ഡിയോ കൊടുക്കുന്ന മറുപടി ഒരു പന്ത് എന്നാണ്. അതനുസരിച്ച് അയാൾക്ക് പന്ത് അനുവദിക്കപ്പെടുമ്പോൾ അയാളനുഭവിക്കുന്ന ഹർഷോന്മാദം അളവറ്റതാണ്. പന്തു ലഭിച്ച ഉടനെ എല്ലാം മറന്ന് അയാളത് മേലോട്ട് തട്ടിയും ഹെഡ് ചെയ്തും നിലത്തുവീഴ്ത്താതെ ഏറെ നേരം അന്തരീക്ഷത്തിൽ ബാലൻസ് ചെയ്ത് നിർത്തി കൈയടക്കം(കാലടക്കം) പ്രദർശിപ്പിക്കുന്നത് ആവേശകരമായ കാഴ്ചയാണ്. ഡിയോ ഓടിനടന്ന് ടീമിനെ തട്ടിക്കൂട്ടുന്നു. എല്ലാ ദുരിതങ്ങൾക്കിടയിലും അയാൾ ഒരു യഥാർത്ഥ കളിക്കാരനായി പരിണമിക്കുന്നു. കഠിന പരിശ്രമങ്ങളിലൂടെ അസ്ഥികൂടങ്ങളിൽ നിന്ന് നിലവാരമുള്ള ഒരു ടീമിനെ വാർത്തെടുക്കുന്നു. ഈ പതിനൊന്നു തടവുകാർ അനുഭവിക്കുന്ന ആനന്ദവും ആത്മാഭിമാനവും മറ്റു തടവുകാരിലതുണ്ടാക്കുന്ന അസൂയയും സ്വയം അവരനുഭവിക്കുന്ന അവമതിപ്പും തമ്മിലുള്ള സംഘർഷം വികാരതീവ്രമായി ആവിഷ്ക്കരിച്ചിട്ടുണ്ട്.

ഡിയോവിന്റെ ടീമിന് ലഭിക്കുന്ന സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തി അവർ

ഒളിച്ചോടുന്നു. എന്നാലാ സ്വാതന്ത്ര്യം അധികം നീണ്ടുനിന്നില്ല. അവർ പെട്ടെന്നു തന്നെ പിടിക്കപ്പെടുന്നു. പട്ടാളക്കോടതിയുടെ നിയമസംഹിത അനുസരിച്ച് അവർക്കെല്ലാം വധശിക്ഷയാണ് ലഭിക്കേണ്ടത്. എന്നാലങ്ങനെ സംഭവിക്കുന്നില്ല. കാരണം, ഫുട്ബാൾ മാച്ച് നടക്കണമല്ലോ! പക്ഷേ, കളി കഴിയുന്നതു വരെ മാത്രം നീട്ടിക്കിട്ടുന്ന തരം ജീവൻ തങ്ങൾക്ക് വേണ്ടെന്ന് അവരെല്ലാവരും ഏക സ്വരത്തിൽ പറയുകയാണ്. ഇതിനെ തുടർന്ന്, കമാണ്ടർക്ക് കളി നടക്കുന്നതിനു വേണ്ടിയെങ്കിലും അവർക്ക് ചെറിയ ശുഭാപ്തി വിശ്വാസം കൊടുക്കേണ്ടിവരുന്നു. കളി പൊരുതി ജയിക്കുക; നിങ്ങളുടെ ശിക്ഷയിൽ എന്തെങ്കിലും ഇളവ് പ്രതീക്ഷിക്കാം എന്നാണാ വാഗ്ദാനം.

കളി ഇപ്പോൾ അക്ഷരാർത്ഥത്തിൽ തന്നെ ജീവന്മരണപ്പോരാട്ടമായി മാറുന്നു. മത്സരത്തിന്റെ ഉദ്വേഗജനകമായ ചിത്രീകരണം ശ്വാസമടക്കിക്കൊണ്ടു മാത്രമേ കണ്ടിരിക്കാനാവൂ. പ്രൊഫഷണൽ മത്സരങ്ങളിലേതെന്നതു പോലെ ജഴ്സിയും ഷൂസുമണിഞ്ഞ ജർമൻ ടീമും കീറിപ്പറിഞ്ഞ വേഷങ്ങളും തുള വീണ ബൂട്ടുമിട്ട് തടവുകാരുടെ ടീമും തമ്മിലുള്ള മത്സരം ആദ്യഘട്ടത്തിൽ ഇഴഞ്ഞാണ് നീങ്ങുന്നത്. ജർമൻ കേണൽ തന്റെ കാമുകിയോടൊത്ത് ഗാലറിയിൽ പ്രത്യേകം തയ്യാറാക്കിയ ബോക്സിലിരുന്നാണ് കളി കാണുന്നത്. അയാൾക്കിത് വെറുമൊരു നേരമ്പോക്ക്; എന്നാൽ തടവുകാരുടെ ടീമിലോരോരുത്തരും അവരുടെ ജീവൻ കൊണ്ടു തന്നെയാണ് കളിക്കുന്നത്. കളിയിൽ ആദ്യം മികവു പുലർത്തുന്നത് ജർമൻ ടീമാണ്. തങ്ങളുടെ കളി എപ്രകാരമാക്കിയാലാണ് തങ്ങൾക്ക് രക്ഷ കിട്ടുക എന്ന് നിർണയിക്കാനാവാതെ ഡിയോ കുഴങ്ങുകയാണ്. പൊരിഞ്ഞുകളിച്ച് ജർമൻകാരെ തോൽപിച്ചാൽ ആ കുറ്റത്തിനു തന്നെ തങ്ങൾ ശിക്ഷിക്കപ്പെടാം. അതല്ല ജർമൻകാർ ജയിച്ചോട്ടെ എന്നു കരുതി ഒത്തുകളിച്ചാലോ, തിന്ന ഭക്ഷണത്തിനും ലഭിച്ച പരിമിതമായ സ്വാതന്ത്ര്യത്തിനും പ്രത്യുപകാരമുണ്ടായില്ല എന്ന കുറ്റത്തിനു ശിക്ഷിക്കപ്പെടാം. ഒത്തുകളിയിലെ സ്പോർട്സ് വിരുദ്ധത ബോധ്യപ്പെട്ട് കളിക്കാതിരുന്നാലോ അതും ശിക്ഷിക്കാവുന്ന കുറ്റകൃത്യം തന്നെ. ഇപ്രകാരം ഊരാക്കുടുക്കിലാവുന്ന അവർ ആദ്യഘട്ടത്തിലെ ആലസ്യം കളഞ്ഞ് പിന്നീട് ഉഷാറായി കളിക്കുകയും ജർമൻകാർക്ക് മേൽ മേൽക്കൈ നേടുകയുമാണ്. ഈ മേൽക്കൈ ജർമൻ കേണലിന് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. ഫാസിസ്റ്റായ അയാൾ റിവോൾവറെടുത്ത് തടവുകാരുടെ ടീമിലെ പതിനൊന്ന് കളിക്കാരെയും തുരുതുരാ വെടിവെച്ച് കൊല്ലുന്നു.

ഫാസിസത്തിന്റെ നീതിശാസ്ത്രം പരപീഡന സന്തോഷത്തിന്റേതു തന്നെയാണെന്ന് വെളിപ്പെടുത്തുന്ന ഈ മഹത്തായ ചിത്രം കളി കണ്ടാനന്ദിക്കുന്ന എല്ലാവരുടെയും (നമ്മുടെയും) മാനസികാവസ്ഥയുടെ യുക്തിയെത്തന്നെയാണ് വിചാരണ ചെയ്യുന്നത്.

രാഷ്ട്രത്തിന്റെ യശസ്സ് പതിന്മടങ്ങ് ഉയർത്തിയ മേരി കോം എന്ന ബോക്സറുടെ വേഷം അവതരിപ്പിക്കാൻ ഹോളിവുഡ് നായികയുടെ വാർപ്പുമാതൃകാ ശരീര/വ്യക്തിത്വമായ പ്രിയങ്ക ചോപ്രയെ തെരഞ്ഞെടുത്തതിലൂടെ ഇന്ത്യൻ സാംസ്ക്കാരിക/ദേശീയ പൗരത്വത്തിൽ നിന്നൊഴിഞ്ഞു നിൽക്കാൻ മംഗ്ലോയിഡ് വംശക്കാരോട് ആജ്ഞാപിക്കുകയാണ് മേരി കോം (2014) എന്ന ചിത്രത്തിലൂടെ ബോളിവുഡ്ചെയ്തത്. അഞ്ചു തവണ ലോക അമേച്വർ ബോക്സിംഗ് ചാമ്പ്യൻ ഷിപ്പ് നേടിയ മേരി കോം, 2012 ഒളിമ്പിക്സിൽ ഓട്ടുമെഡലും 2014ലെ ഏഷ്യാഡിൽ സ്വർണമെഡലും നേടി. മണിപ്പൂരിലെ കോം എന്ന വിഭാഗത്തിലാണ് മേരി കോം ജനിച്ചത്. മെയ്ത്തി വിഭാഗത്തിൽ പെട്ടവരും കുക്കി വിഭാഗത്തിൽ പെട്ടവരും തമ്മിലുള്ള വംശീയ കലാപം മണിപ്പൂരിനെ കലുഷിതമാക്കിയിരിക്കുകയാണ്.

കുക്കി മിസോ വിഭാഗങ്ങളോട് അടുത്തു നില്ക്കുന്ന വിഭാഗമാണ് കോം. ഇന്ത്യയിലെ അടിച്ചമർത്തപ്പെടുന്ന വംശങ്ങളിൽ പെട്ട മേരി കോം ആണ് രാഷ്ട്രത്തിന്റെ യശസ്സ് ആഗോളതലത്തിൽ അനിർവചനീയമായ വിധത്തിൽ ഉയർത്തിയത് എന്നു സാരം.

മണിപ്പൂരിൽ സ്ത്രീകൾ നേരിടുന്ന പ്രത്യേക മർദനാവസ്ഥയെക്കുറിച്ച് ബോധവതിയായ മേരി കോം, തന്റെ അക്കാദമിയിൽ ലൈംഗികാതിക്രമങ്ങൾക്കെതിരെ പോരാടാൻ പെൺകുട്ടികളെ പരിശീലിപ്പിക്കുന്നു. ചുരാച്ചാന്ദ്പൂർ ജില്ലയിലെ കംഗാതെയ് എന്ന ഗ്രാമത്തിലെ കർഷകകുടുംബത്തിൽ ജനിച്ച മേരി പഠനത്തിൽ പിന്നോക്കമായിരുന്നു എന്നു മാത്രമല്ല, ബോക്സിംഗ് തെരഞ്ഞെടുത്തതിൽ പിതാവിൽ നിന്ന് എതിർപ്പ് നേരിട്ടവളുമായിരുന്നു. 2005ൽ വിവാഹിതയായ മേരി ആദ്യം ഇരട്ടക്കുട്ടികൾക്കും പിന്നീട് മൂന്നാമതൊരു കുഞ്ഞിനും ജന്മം  നൽകി. അതിനെല്ലാം ശേഷം ശക്തമായ തിരിച്ചുവരവ് നടത്തിയ അവർ, ഏഷ്യാഡ് സ്വർണത്തിനു ശേഷം വീണ്ടും തീവ്ര പ്രയത്നത്തിലാണ്. ഇന്ത്യയിലെ സ്പോർട്സ് അസോസിയേഷനുകളിൽ സാമാന്യമായി നിലനിൽക്കുന്ന അവഗണനകളുടെയും കെടുകാര്യസ്ഥതകളുടെയും അഴിമതികളുടെയും പീഡനങ്ങൾ കൂടി അതിജീവിച്ചാണ് മേരി കോം വിജയങ്ങളിലേക്ക് കുതിച്ചത്.

ഗദ്ദർ, ഭഗത് സിംഗ്, സിംഗ് ഈസ് കിംഗ്, ലവ് ആജ്കൽ, റോക്കറ്റ് സിംഗ്, ഭാഗ് മിൽക്കാ ഭാഗ് എന്നീ സിനിമകളിലൊക്കെയും നായക കഥാപാത്രം സിക്കുകാരാണ്. എന്നാലവരെയൊക്കെയും അവതരിപ്പിച്ചത് ബോളിവുഡ് മുഖ്യധാരാ നായകരായ സണ്ണി ഡിയോളും അജയ് ദേവ്ഗണും ഇംതിയാസ് അലിയും ഫർഹാൻ അഖ്തറും അടക്കമുള്ളവരാണ്. ഒരു സിക്കു നടൻ പോലും പരിഗണിക്കപ്പെട്ടില്ല. അതു പോലെ, ചിങ്കി എന്ന് ദില്ലിയിലും ഉത്തരേന്ത്യയിലും കളിയാക്കി വിളിക്കപ്പെടുന്ന വടക്കു കിഴക്കൻ ഇന്ത്യക്കാരിയായ ഒരു കായിക താരം, അന്താരാഷ്ട്ര മേളകളിൽ ഇന്ത്യക്കു വേണ്ടി സ്വർണം കൊയ്തെടുത്തപ്പോഴും അവരെ സൗന്ദര്യത്തിന്റെയും ദേശീയതയുടെയും രാഷ്ട്രത്തിന്റെയും മുഖ്യ പ്രതിനിധാനമായി പരിഗണിക്കാൻ നാം വിസമ്മതിക്കുന്നു എന്നത് അത്യന്തം അപലപനീയമാണ്.

ഒരു സിക്കുകാരന് അയാളുടെ പരമ്പരാഗത വേഷഭൂഷാദികൾ ഒഴിവാക്കാതെ, ഒരു മുഖ്യധാരാ നായകനായി അഭിനയിക്കാനാവില്ല എന്നിരിക്കെ, സിക്കുകാരനായ കഥാപാത്രമായിപ്പോലും അയാൾക്ക് അവസരം ലഭിക്കുന്നില്ല എന്നത് എത്ര മാത്രം നിരാശാജനകമാണ്? സാധാരണ രീതിയിലുള്ള ഒരു ഹിന്ദി സിനിമയിലെ നായികാവേഷത്തിൽ മംഗോളിയൻ വംശജയായ ഒരു നടി ഒരു കാരണവശാലും പരിഗണിക്കപ്പെടില്ല എന്നതുറപ്പാണ്. എന്നാൽ; തീർത്തും അവികസിതമായ ഒരു മണിപ്പൂരി ഗ്രാമത്തിൽ ദരിദ്രമായ ചുറ്റുപാടിൽ ജനിച്ചു വളർന്നിട്ടും വെല്ലുവിളികളെയും പ്രതിസന്ധികളെയും നേരിട്ട് ഇന്ത്യയുടെ പ്രശസ്തി ലോക കായിക ഭൂപടത്തിൽ വാനോളം ഉയർത്താൻ പ്രയത്നിച്ച് വിജയം കൊയ്തെടുത്ത മേരി കോം, മംഗോളിയൻ വംശത്തിൽ പെട്ടയാളാണ് എന്നതിനാൽ ആ കഥാപാത്രത്തെ അവതരിപ്പിക്കാനുള്ള അവസരം പോലും അവരോട് മുഖ/ശരീര സാമ്യമുള്ള ഒരു നടിക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം എത്ര മാത്രം ക്രൂരമാണ്? ചിങ്കി എന്നാക്ഷേപിക്കപ്പെട്ട് ദില്ലിയിൽ നിഡോ താനിയാൻ കൊല്ലപ്പെട്ടതു പോലെയും; എസ് എം എസ് പ്രചരിപ്പിച്ച് ബംഗളൂരുവിൽ നിന്ന് പ്രത്യേക തീവണ്ടികൾ ഏർപ്പെടുത്തി വടക്കു കിഴക്കൻ

ഇന്ത്യക്കാരെ കൂട്ടമായി തിരിച്ചു പായിച്ചതും പോലുള്ള വർണവെറി തന്നെയാണ് മേരി കോമിന്റെ വേഷമവതരിപ്പിക്കാൻ പ്രിയങ്ക ചോപ്രയെ തെരഞ്ഞെടുത്തതു പോലുള്ള വികല പ്രതിനിധാന ധാർഷ്ട്യങ്ങളും എന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. എ എഫ് എസ് പി എ പോലുള്ള പ്രാകൃത നിയമങ്ങളുടെ പ്രത്യക്ഷ മർദനത്തിന്റെ സാംസ്ക്കാരിക സമാന്തരമാണ് ഇത്തരം പ്രതിനിധാന അട്ടിമറികളും.

പ്രിയങ്ക ചോപ്രയെപ്പോലുള്ള മുഖ്യധാരാ ഹിന്ദി നടിക്കു പകരം, അറിയപ്പെടാത്ത മണിപ്പൂരി നടിയോ അതുമല്ലെങ്കിൽ മേരി കോം തന്നെയോ ആണ് മേരി കോമായി അഭിനയിച്ചിരുന്നതെങ്കിൽ, ചിത്രം പച്ച തൊടില്ലായിരുന്നു എന്ന അഭിപ്രായവും ന്യായീകരണമായി പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്. അങ്ങിനെ ആവശ്യമുള്ളവർ ഡോക്കുമെന്ററിയോ മറ്റോ എടുത്തു തൃപ്തിപ്പെട്ടോട്ടെ എന്ന സൗമനസ്യവും ഇക്കൂട്ടർ പ്രകടിപ്പിക്കുന്നു. ഒരു മുഖ്യധാരാ സിനിമയുടെ ജനപ്രിയതയും ബോക്സ് ആപ്പീസ് വിജയവും, അതാത് കാലത്ത് നിലനിൽക്കുന്നതും പൊതുബോധത്തിൽ മേധാവിത്തം പുലർത്തുന്നതുമായ രാഷ്ട്രീയ-ദേശീയ-വംശീയ മുൻഗണനകളുടെ പ്രതിഫലനമാണെന്ന നിരീക്ഷണത്തെ ഒളിപ്പിച്ചുവെച്ചാണ് ഇത്തരം ന്യായീകരണങ്ങൾ പുറത്തെടുക്കപ്പെടുന്നത് എന്നതാണ് പരിഹാസ്യമായ കാര്യം.

മേരി കോം എന്നു മാത്രമല്ല, ഹിന്ദി സിനിമകളെല്ലാം തന്നെ മണിപ്പൂരിൽ വിലക്കപ്പെട്ടിരിക്കുകയാണ്. ഹിന്ദി സിനിമ പ്രദർശിപ്പിക്കുന്നത് തങ്ങൾക്കു മേലുള്ള സാംസ്ക്കാരിക അധിനിവേശം വർധിപ്പിക്കുമെന്ന ആരോപണത്തോടെ കഴിഞ്ഞ നിരവധി വർഷക്കാലമായി മണിപ്പൂരിലെ തിയറ്ററുകളിൽ ബോളിവുഡിന് നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ് തീവ്രവാദികൾ. തീവ്രവാദികളുടെ ഈ തീരുമാനത്തെ സാധൂകരിക്കുന്ന വിധത്തിലുള്ള പ്രവൃത്തിയാണ്, മേരി കോം എന്ന പേരിലുള്ള ജീവചരിത്ര സിനിമയിൽ നായികാവേഷമഭിനയിക്കുന്നതിന് വംശീയമായി അനുയോജ്യയല്ലാത്ത മുഖ്യധാരാ ആര്യൻ/ഹിന്ദു ഗ്ലാമർ താരത്തെ നിയോഗിക്കുന്ന ബോളിവുഡ് നടപടി. ഇന്ത്യക്കകത്ത് മറ്റിന്ത്യകൾ നിർമിച്ചെടുക്കാനും പൊലിപ്പിച്ചെടുക്കാനുമുള്ള കച്ചവടയുക്തികളിലൂടെ കോടികൾ പെട്ടികളിൽ നിറയുമ്പോൾ ഉടയുന്നതേതു രാഷ്ട്രം?

പാ രഞ്ജിത്തിന്റെ  സിനിമയായ സാർപ്പട്ടാ പരമ്പരൈ(2021); ചെന്നൈ നഗരത്തിലെ വടക്കൻ പ്രദേശത്താണ് (വടചെന്നൈ) അതിന്റെ ആഖ്യാനസ്ഥലത്തെ നിർണയിക്കുന്നത്. പുതുപ്പേട്ടൈ(സെൽവരാഘവൻ), വടചെന്നൈ(വെട്രിമാരൻ) തുടങ്ങിയ സിനിമകളും അതേ സ്ഥലത്തെയാണ് ആശ്രയിക്കുന്നതെങ്കിലും അവയെ അതിശയിച്ചു നിൽക്കുന്ന ഒരു യാഥാർത്ഥ്യത്തെ കണ്ടെടുക്കുന്ന അപൂർവതയാണ് സാർപ്പട്ടാ പരമ്പരൈയിലുള്ളത്. പ്രാഥമികമായും തൊഴിലാളികളായ ജനങ്ങളുടെ ജീവിത രീതികളും ശൈലികളും കളികളുമാണ് സിനിമയുടെ അടിസ്ഥാനം. അവരിൽ പല ജാതിക്കാരും പല മതക്കാരും രാഷ്ട്രീയക്കാരുമുണ്ട്. സാർപ്പട്ട, ഇടിയപ്പാ എന്നിങ്ങനെ രണ്ടു സംഘ(പരമ്പരൈ/ക്ലാൻ)ങ്ങളായി തിരിഞ്ഞ് അവർ ബോക്സിംഗ് മത്സരത്തിൽ വീറോടെയും വാശിയോടെയും ആത്മാഭിമാനത്തോടെയും ഏർപ്പെടുന്നു. എഴുപതുകളിലെ കലുഷമായ നഗരജീവിതത്തെ; വിശദവും സൂക്ഷ്മവുമായ കലാ സംവിധാനത്തിലൂടെയും വസ്ത്ര ധാരണമികവിലൂടെയും പുനരാവിഷ്ക്കരിക്കുന്ന പാ രഞ്ജിത്തിന്റെ കയ്യടക്കം ഏറെ ശ്രദ്ധേയമാണ്.

അടിയന്തിരാവസ്ഥ അടക്കമുള്ള എഴുപതുകളിലെ രാഷ്ട്രഭ്രംശങ്ങളെ സാർപ്പട്ടാ അടയാളപ്പെടുത്തുന്നു.

ഇതു നമ്പ കാലം (ഇതു നമ്മളുടെ കാലം) എന്നതു പോലുള്ള സംഭാഷണങ്ങൾ പാ രഞ്ജിത്തിന്റെ രാഷ്ട്രീയ സ്ഥൈര്യത്തെ രേഖപ്പെടുത്തുന്നു. വംശമെന്നതു പോലെ വർഗവും ഈ സിനിമയിൽ പ്രധാനമാണ്. തൊഴിലാളി വർഗം ഒരു നഗരപ്രദേശത്തെയും അവിടത്തെ സാമാന്യ ജീവിതത്തെയും എത്ര ചടുലവും ജീവോത്സുകവുമാക്കുന്നുവെന്ന് സാർപ്പട്ടാ പരമ്പരൈ സിനിമയിലുടനീളമുള്ള ഊർജ്ജസ്വലത കൊണ്ടാണ് അടയാളപ്പെടുത്തുന്നത്. ക്രിക്കറ്റും കർണാടക ശാസ്ത്രീയ സംഗീതവും വ്യാകരണം കടുകിട തെറ്റാത്ത ഇംഗ്ലീഷും ഒക്കെയാണ് മദ്രാസ് എന്നാണ് ഉറപ്പിക്കപ്പെട്ട വിശ്വാസം. അതെല്ലാം മദ്രാസിന്റെ ബ്രാഹ്മണാലേഖനങ്ങളിൽ വ്യക്തവുമാണ്. എന്നാൽ ആ ബ്രാഹ്മണ-മഹത്വവത്ക്കരണത്തിൽ അദൃശ്യമാക്കപ്പെട്ട ദളിത്/തൊഴിലാളി ജീവിതത്തെയാണ്  പാ രഞ്ജിത്ത് വീണ്ടെടുക്കുന്നത്. ബോക്സിംഗ് മാത്രമല്ല ഫുട്ബോളും കബഡിയും കളരി മുറകളുമെല്ലാം ചേർന്ന് തലമുറകളുടെ കായികാനന്ദ ചരിത്രം കൂടി മദ്രാസിനുണ്ടെന്നത് ഇനിയാർക്കും മറച്ചു വെക്കാനാവാത്ത വിധം ശബ്ദായമാനമായി സാർപ്പട്ടാ പരമ്പരൈ തുറന്നിട്ട വാതായനങ്ങളിലൂടെ ചരിത്രം മാറ്റിയെഴുതപ്പെടുന്നു. വെട്രിമാരന്റെ ആടുകളത്തിൽ നിന്ന് വ്യത്യസ്തമായി, ആംഗ്ലോ ഇന്ത്യൻ കഥാപാത്രങ്ങൾ തൊഴിലാളി വർഗത്തിൽ ലയിച്ചാണ് സാർപ്പട്ടാ പരമ്പരൈയിൽ സജീവമാകുന്നത്. എതിർ ക്ലബ്ബിൽ നിന്നു മാത്രമല്ല, സ്വന്തം ക്ലബ്ബിനകത്തു നിന്നും കബിലൻ (ആര്യ) വെല്ലുവിളികൾ നേരിടുന്നുണ്ട്. ജാതിയും പാരമ്പര്യവുമെല്ലാമാണതിന്റെ കാരണങ്ങൾ. അയാളുടെ കുടുംബവും അയാളുടെ കായികാഭിമുഖ്യത്തിനെതിരാണ്. അവരുടെ മുന്നനുഭവങ്ങൾ മുതൽ, നിത്യ ജീവിത പ്രതിസന്ധികൾ വരെ അതിനവരെ പ്രേരിപ്പിക്കുന്നു. എനിക്ക് വിശക്കുന്നുണ്ട്, വേഗം ഇവിടേക്ക് വന്ന് എനിക്ക് ഭക്ഷണം താ എന്ന് കബിലന്റെ ഭാര്യയായ മാരിയമ്മ (ദുഷറാ വിജയൻ) അവനോട് പറയുന്നതു പോലെ; സുതാര്യമായ നിത്യയാഥാർത്ഥ്യം സാർപ്പട്ടായെ സത്യസന്ധമാക്കുന്നു. എന്റെ ആശയ വിശ്വാസങ്ങളുടെയും ചരിത്ര ധാരണകളുടെയും രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെയും ഒരനുബന്ധമാണ് എന്റെ സിനിമ എന്ന പാ രഞ്ജിത്തിന്റെ ഉച്ചത്തിലുള്ള പ്രസ്താവന, സാർപ്പട്ടാ പരമ്പരൈയിലൂടെ വീണ്ടും സാധൂകരിക്കപ്പെട്ടിരിക്കുന്നു.

ചക്ക്ദേ ഇന്ത്യ(ഹോക്കി), ഭാഗ് മിൽക്കാ സിംഗ്(അത്ലറ്റിക്സ്), ദംഗൽ(ഭാരോദ്വഹനം), ഗോൾഡ്(ഹോക്കി), പാൻ സിംഗ് തോമാർ(അത്ലറ്റിക്സ്), സൂർമ(ഹോക്കി),  സുൽത്താൻ(ഭാരോദ്വഹനം), ബുദിയ സിംഗ് -ബോൺ ടു റൺ(അത്ലറ്റിക്സ്), സൈന(ബാഡ്മിന്റൺ), രശ്മി റോക്കറ്റ്(അത്ലറ്റിക്സ്), സാലാ ഖാദൂസ്(ബോക്സിംഗ്), മുഖാബാസ്(ബോക്സിംഗ്), തൂഫാൻ(ബോക്സിംഗ്), ഇഖ്ബാൽ(ക്രിക്കറ്റ്), പാട്യാല ഹൗസ്(ക്രിക്കറ്റ്), കൈ പോ ചേ(ക്രിക്കറ്റ്), അസ്ഹർ(ക്രിക്കറ്റ്), എം എസ് ധോണി- ദ് അൺടോൾഡ് സ്റ്റോറി(ക്രിക്കറ്റ്), 83(ക്രിക്കറ്റ്), ജെഴ്സി(ക്രിക്കറ്റ്), ശബാശ് മിത്തു(ക്രിക്കറ്റ്), ധൻ ധനാ ഗോൾ(ഫുട്ബോൾ), ഝൂണ്ട്(ഫുട്ബോൾ), പാംഗ(കബഡി), ബ്രദേഴ്സ്(എംഎംഎ), തുൾസി ദാസ് ജൂനിയർ(സ്നൂക്കർ), മൈ ബ്രദർ നിഖിൽ(നീന്തൽ), എന്നിവയാണ് ഹിന്ദിയിലെ മറ്റ് പ്രമുഖ സ്പോർട്സ് സിനിമകൾ.
മലയാളമടക്കം മറ്റു ഭാഷകളിലും കുറെ സ്പോർട്സ് സിനിമകൾ ഇറങ്ങിയിട്ടുണ്ട്.

**Mr. GP Ramachandran is a Member of FIPRESCI-India.**